# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5017** **14.11.2019-ൽ മറുപടിയ്ക്ക്**

**പൊഴിയൂർ-പരുത്തിയൂർ റോഡ് നിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ-പരുത്തിയൂർ റോഡ് തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് പുനർനിർമ്മാണത്തിന് എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ; | എ) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ-പരുത്തിയൂർ റോഡ് തകർന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. ടി റോഡ് നിലവിൽ കുളത്തൂർ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുളളതാണ്. പ്രസ്തുത റോഡിന്റെ പുനർ നിർമ്മാണ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഇതുവരെ ഏൽപ്പിച്ചിട്ടില്ല. തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ എന്ന പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിന് കുളത്തൂർ പഞ്ചായത്തിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കി റോഡ് വിട്ടു തന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന റോഡിന്റെ പുനർ നിർമ്മാണത്തിനുളള നടപടി സ്വീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്. |
| ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ല. |
| സി) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ എറ്റെടുക്കുന്നതിന് വിമുഖത കാണിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് യാതൊരു വിമുഖതയും കാണിക്കുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കുന്ന പൊഴിയൂരിലെ വിവിധ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**